# ചെമ്പരത്തിപ്പൂവ്

കാറ്റിലാടി, കളി പറയും
ചെമ്പരത്തിപ്പൂവേ,
വിരിഞ്ഞുവൊ നീ പുലരിയിൽ,
വിടർന്നുവൊ നിൻ മലരിതൾ.

വെയിൽ വരുമ്പോൾ വാടരുതെ,
ചൂടേൽക്കുമ്പോൾ തളരരുതെ,
കരയരുതെ, തകരരുതെ,
കുനിക്കരുതെ നിൻ ശിരസ്സ്.

ഉല്ലസിക്കൂ ഇന്നീ ദിനത്തിൽ
പുഞ്ചിരിക്കൂ എന്നെ നോക്കി
പുണർന്നിടട്ടെ പുളകിതമായ്
നേർന്നിടട്ടെ ശുഭാശംസ.

സന്ധ്യയിങ്കൽ ഇരുൾ വരുമ്പോൾ,
ഒളിയ്ക്കരുതെ നിൻ തേജസ്സ്,
മറയരുതെ, കൊഴിയരുതെ,
പിരിയരുതെ നീയെൻ പൂവേ,
എന്നെ പിരിയരുതെ പൂവേ.